**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 29.12.2015–ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 9.30 ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.12.2015–ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

2.1 **1206** തദ്ദേശഭരണ സ്ഥാപനങ്ങൾ **1561.14** കോടി രൂപ (**25.69**%) ചെലവഴിച്ച തായും ഇതിൽ **978** ഗ്രാമപഞ്ചായത്തുകൾ **904.89** കോടി രൂപയും (**28.46**%), **151**ബ്ലോക്ക് പഞ്ചായത്തുകൾ **198.44** കോടി രൂപയും **(27.09%), 14**ജില്ലാ പഞ്ചായത്തുകൾ **201.24** കോടി രൂപയും (**22.16**%), **58** മുനിസിപ്പാലിറ്റികൾ **149.78** കോടി രൂപയും, (**23.38** %), **5** കോർപ്പറേഷനുകൾ **106.78** കോടി രൂപയും (**24**%), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 സംസ്ഥാനം മുഴുവനും ഒരു ജല സുരക്ഷ പദ്ധതി 2016 മാർച്ച് ജൂൺ മാസങ്ങളിൽ നടപ്പിലാക്കുന്നതിനും ആയതിന് താഴെപ്പറയുന്ന കാര്യങ്ങൾ പാലിക്കുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

1) കുടുംബശ്രീ സി.ഡി.എസ് നെ ഉപയോഗിച്ച് പഞ്ചായത്തുകളിലും നഗര പ്രദേശങ്ങളിലുമുള്ള കിണറുകൾ അതിൽ വറ്റുന്നവ ആവശ്യത്തിന് ജലം ലഭ്യമല്ലാത്തവ മുതലായവയുടെ കണക്ക് എടുക്കേണ്ടതാണ്. സർവേയ്ക്ക് ആവശ്യമായ ഫോർമാറ്റ് സി.സി.ഡി.യു തയ്യാറാക്കി ലഭ്യമാക്കുന്നതാണ്. ആവശ്യമായ ഫണ്ട് അതത് പഞ്ചായത്തുകൾ പ്ലാനിൽ നിന്നും വകയിരുത്തേണ്ടതാണ്, രണ്ടാഴ്ചകൊണ്ട് സർവേ പൂർത്തീകരിക്കേണ്ടതാണ്.

2) ഗ്രാമപ്രദേശങ്ങളിൽ പദ്ധതി എം.ജിഎൻ.ആർ.ഇ.ജി.എസ് പദ്ധതിയുമായി സംയോജിപ്പിച്ച്. ഒരു സംസ്ഥാനതല പ്രോജക്ടായി നടപ്പാക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്ന കണക്ക് ക്രോഡീകരിച്ച് റീചാർജ് ആവശ്യമായ കിണറുകളുടെ ലിസ്റ്റ് പഞ്ചായത്ത് എം.ജിഎൻ.ആർ.ഇ.ജി.എസ് പ്രക്രിയയനുരിച്ച് ജില്ലാ പഞ്ചായത്തിൽ നിന്നും അംഗീകരിച്ച് നടപ്പിലാക്കേണ്ടതാണ്. നടപ്പിലാക്കുന്നതിനുമുമ്പ് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

3) ഇതിനായി ജനുവരി മാസത്തിൽ തന്നെ ജലസഭ എന്ന പേരിൽ പ്രത്യേക ഗ്രാമസഭ കൂടേണ്ടതാണ്.

4) സംസ്ഥാനതലത്തിൽ ഒരു മോണിട്ടറിംഗ് കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഒരു ഉപദേശക സമിതിയും കളക്ടറുടെ നേതൃത്വത്തിൽ ഒരു എക്സിക്യൂട്ടീവ് സമിതിയും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പ്രസിഡന്റിന്റെയും ഗ്രാമതലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും നേതൃത്വത്തിൽ സമിതികൾ രൂപീകരിക്കേണ്ടതാണ്.

5) ജനപ്രതിനിധികൾക്കുള്ള പരിശീലനത്തിൽ ജലസുരക്ഷ ഉൾപ്പെടുത്താൻ കിലയുമായും, എസ്.ഐ.അർ.ഡി.യുമായും സി.സി.ഡി.യു ബന്ധപ്പെടേണ്ട താണ്. കുടുംബശ്രീയുടെ തെരഞ്ഞെടുക്കപ്പെട്ട അക്രഡിറ്റഡ് ഏജൻസിയുമായി ചേർന്ന് മേസൻ പരിശീലനത്തിനുള്ള നടപടിയും സി.സി.ഡി.യു സ്വീകരിക്കേണ്ടതാണ്..

6) അഞ്ച് ഏക്കർ വരെ സ്ഥലമുള്ളവരുടെയും പൊതു സ്ഥാപനങ്ങളുടെയും കിണറുകൾ റീ ചാർജ് ചെയ്യാവുന്നതാണ്.

7) ആവശ്യമായ റ്റൈപ്പ് ഡിസൈൻ സി.സി.ഡി.യു ലഭ്യമാക്കേണ്ടതും ഒരു യൂണിറ്റിന് 5000 ധനസഹായം നൽകാവുന്നതുമാണ്.

8) ഗ്രാമങ്ങളിൽ എം.ജി.എൻ.ആർ.ഇ.ജി.എ. ഫണ്ടും പഞ്ചായത്ത് ഫണ്ടും ഐ. ഡബ്ല്യൂഎം.പി. ഫണ്ട് ഉപയോഗിക്കേണ്ടതാണ്. നഗരങ്ങളിൽ നഗരസഭകളുടെ ഫണ്ടുപയോഗിച്ച് നഗരസഭകളുടെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കേണ്ടതാണ്.

9) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആസൂത്രണ മാർഗരേഖയിൽ ഈ പദ്ധതിയും ഉൾപ്പെടുത്തണം.

**2.3**വനിത വികസന കോർപ്പറേഷൻ സ്ക്കൂൾ വിദ്യാർത്ഥിനികൾക്കായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സാനിറ്ററി നാപ്കിൻ വിതരണ പദ്ധതി പരിഗണിക്കുകയും ഇത് മറ്റ് ജില്ലകളിൽ വ്യാപിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിക്കണമെന്ന കോർപ്പറേഷന്റെ അപേക്ഷ പരിഗണിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സാനിറ്ററി നാപ്കിൻ (ഷീ പാഡ്) ആവശ്യാനുസരണം മറ്റ് അനുബന്ധ ഉപകരണങ്ങളും കേരളത്തിൽ ഉടനീളം വിതരണം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലെ വനിത ഘടകത്തിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഇതിനാവശ്യമായ തുക വിനിയോഗിക്കുന്നതിന് കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകി. ഇതിനാവശ്യമായി വന്നേക്കാവുന്ന തുകയുടെ 50% വനിത വികസന കോർപ്പറേഷന് മുൻകൂറായി നൽകുന്നതിനും ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം ബാക്കി അനുവദിക്കുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകാനും തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 ചിങ്ങോലി ഗ്രാമപഞ്ചായത്ത് (ഫയൽനം.697/ഡി.എ2/15/തസ്വഭവ)

പട്ടികജാതിക്കാരായ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്ന പദ്ധതി 2015–16 വാർഷിക പദ്ധതിയിൽ നടപ്പാക്കുന്നതിന് യൂണിറ്റ് നിരക്ക് 4000 രൂപയായി വകയിരുത്താൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.508/ഡി.ഡി1/15)

ഐ.എ.വൈ ഭവന പദ്ധതിയിലെ വായ്പാ തിരിച്ചടവ് സംബന്ധിച്ച് 30.09.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ.നം.415/ഡി.ഡി2/15/തസ്വഭവ)

2010–11 വാർഷിക പദ്ധതിയിൽ 284152 രൂപ ചെലവിൽ വെള്ളാരമുണ്ട ധന്യ യൂത്ത് ക്ലബ് വായനശാല കെട്ടിടം നിർമ്മിച്ച നടപടി പെർഫോർമൻസ് ഓഡിറ്റ് തടസ്സപ്പെടുത്തിയത് സാധൂകരിക്കണമെന്ന ആവശ്യം വകുപ്പ് തലത്തിൽ പരിശോധിച്ച് നടപടി എടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 മലപ്പുറം ജില്ലാ കളക്ടറുടെ കത്ത് (ഫയൽനം.627/ഡി.ബി3/15/തസ്വഭവ)

പൊന്നാനി താലൂക്കിൽ മാറഞ്ചേരി വില്ലേജിൽ പുതിയ വീട്ടിൽ മന്നിങ്ങയിൽ വീട്ടിൽ അബ്ദുൽ നാസർ, കുട്ടികളായ മുഹമ്മദ് യാസിൽ (11 വയസ്) അഹമ്മദ് യാസിൻ (8 വയസ്) എന്നിവർക്ക് അസ്ഥികൾ പൊടിയുന്ന രോഗാവസ്ഥ

പരിഗണിച്ച് മുച്ചക്ര വാഹനം നൽകണമെന്ന അപേക്ഷയിന്മേൽ ഉചിത വാഹനം നിർദ്ദേശിക്കാനും അപേക്ഷയ്ക്ക് പ്രത്യേക പരിഗണന നൽകി ഗ്രാമസഭയുടെ അംഗീകാരം നേടാനും നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറോടും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോടും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 തിരുനാവായ ഗ്രാമപഞ്ചായത്ത് (ഫയൽനം.214/ഡി.എ3/15/തസ്വഭവ)**

2015–16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ട്രീറ്റ് മെയിൻ വലിക്കാനുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് 23 ലക്ഷം രൂപയുടെ ഡി.ഡി. എടുത്തത് സ്വീകരിക്കാൻ കെ.എസ്.ഇ.ബി.യ്ക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും പ്രാദേശിക തലത്തിൽ പരിഹരിക്കേണ്ടതാണെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്**

2015–16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്ന ജീവതാളം കലാ ഉദ്ഗ്രഥിത വിദ്യാഭ്യാസ പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ ഇല്ലാത്തതിനാൽ അപേക്ഷ തിരച്ചയയ്ക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് (ഫയൽനം.208/ഡി.എ3/15/തസ്വഭവ)**

തെരുവുവിളക്കുകകളുടെ അറ്റകുറ്റപ്പണി ടെണ്ടർ ചെയ്ത ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ നടപടി അംഗീകരിക്കണമെന്ന ആവശ്യം അനുവദിച്ചു തീരുമാനിച്ചു.

തെരുവുവിളക്ക് ഉപകരണങ്ങൾ വിതരണം ചെയ്യാൻ ചുമതലപ്പെടുത്തിയിരുന്ന സ്ഥാപനങ്ങളിൽ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് അറ്റകുറ്റപ്പണി ഏറ്റെടുക്കില്ലെന്ന പരാമർശം പരിഗണിച്ച് ബന്ധപ്പെട്ട ഏജൻസികളുടെയും കെ.എസ്.ഇ.ബി.യുടെയും ഒരു യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 മൈലം ഗ്രാമപഞ്ചായത്ത്**

തെരുവുവിളക്ക് പരിപാലനത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് 7 ലക്ഷം രൂപ ഉപയോഗിച്ച് വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്ന ആവശ്യം അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം 75339/ഡി.ഡി1/15/തസ്വഭവ)**

നബാർഡ് RIDF VIII ൽ ഉൾപ്പെടുത്തി 2003–04–ൽ 'സിൽക്ക്'നെ (സ്റ്റീൽ ഇൻഡസ്ട്രീസ്, കേരള) ഏൽപ്പിച്ചതും പണി പൂർത്തിയാകാതെ ഉപേക്ഷിച്ചതുമായി പന്തരിക്കര –കോക്കാട് വിളയാടുകണ്ടി മുക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സബ് കോടതിയിൽ കേസ് ഫയൽ ചെയ്തതിന് 64648 രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്ന ആവശ്യം യോഗം പരിശോധിച്ചു. ഗുരുതരമായ വീഴ്ചകളാണ് ബന്ധപ്പെട്ടവരിൽ നിന്നും ഓരോ ഘട്ടത്തിലും സംഭവിച്ചിട്ടുള്ളതെന്ന് യോഗം നിരീക്ഷിക്കുകയും വകുപ്പുതലത്തിൽ സൂക്ഷ്മമായി പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തിരൂർ ബ്ലോക്ക് പഞ്ചായത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന ഭവന പദ്ധതിയിൽ 2015–16–ൽ തറ വിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 66 ച.മീറ്റർ എന്നത് 25% വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്**

പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം കുറയ്ക്കാൻ പഞ്ചായത്തിലെ എല്ലാ വീടുകളിലും തുണി സഞ്ചി വിതരണം ചെയ്യുന്നതിന് അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുകയും പഞ്ചായത്ത് പ്രദേശത്ത് പ്ലാസ്റ്റിക് നിരോധിക്കുകയോ പ്ലാസ്റ്റിക് ക്യാരി ബാഗ് വിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തുകയോ ചെയ്തതിനുശേഷം മാത്രം തുണി സഞ്ചി വിതരണം ചെയ്യാമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.311/ഡി.ഡി.2/15/തസ്വഭവ)**

അംഗപരിമിതർക്കുള്ള ഉപകരണങ്ങൾ നിർണ്ണയിക്കുന്നതിനുള്ള മെഡിക്കൽ ക്യാമ്പ് ബ്ലോക്ക് പഞ്ചായത്തുകൾ സംഘടിപ്പിക്കാൻ അനുവദിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്നും പ്രസ്തുത ചുമതല ഗ്രാമപഞ്ചായത്തുകളാണ് നിർവഹണിക്കേണ്ടതെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.336/ഡി.ഡി.2/15/തസ്വഭവ)**

പട്ടികജാതിക്കാർക്ക് വിദേശ ജോലിക്കും മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും ധനസഹായം നൽകുന്നതിനും ഫർണിച്ചർ വാങ്ങി നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഡി.പി.സിയ്ക്കാണ് അംഗീകാരത്തിന് സമർപ്പിക്കേണ്ടതെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ആരോഗ്യ– കുടുംബക്ഷേമ – ആയുഷ് വകുപ്പ് സെക്രട്ടറിയുടെ കത്ത്**

പ്രഭാത –സായാഹ്ന വേളകളിൽ യോഗ പരിശീലനം സംഘടിപ്പിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ അനുവദിക്കണമെന്ന ആവശ്യം യോഗം പരിശോധിക്കുകയും താൽപര്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യോഗ പരിശീലനം സംഘടിപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിക്കുകയും ചെയ്തു. എന്നാൽ തൽസംബന്ധമായ സാമ്പത്തിക വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതല്ലെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(രാവിലെ 10.30ന് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2016 ജനുവരി 6 ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**